**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4248** **28-10-2021 - ൽ മറുപടിയ്ക്ക്**

**അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഹരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതു സംഭരണശാലകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതു സംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതു വഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനു സഹായകരമാകുന്നു. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിങ് കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതവുമായി വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ആവശ്യകതയുടെ 95%-വും അന്യ സംസ്ഥാന ഉൽപ്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചു നിറുത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ